"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

KSEB
കേരളത്തിന്റെ ഊർജ്ജം

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ്): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

നമ്പർ. സി.എസ്.സി./ സേഫ്റ്റി /2018-19/ തീയതി : 31 . 08 . 2018

പ്രേക്ഷിതൻ

ചീഫ് സേഫ്റ്റി കമ്മീഷണർ,

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനിയർ (ചെയർമാൻ ഡിവിഷൻ തല സേഫ്റ്റി കമ്മറ്റി),
ഇലക്ട്രിക്കൽ ഡിവിഷൻ

വിഷയം: ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് രീതി 01.09.2018 മുതൽ പൂർണ്ണമായും ഒഴിവാക്കി " Equipotential Bonding" എർത്തിംഗ് രീതി അവലംബിക്കണമെന്നത് സംബന്ധിച്ച്.

സൂചന: 1. ചങ്ങല എർത്തിംഗ് 01.09.2018 മുതൽ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ബോർഡ് ഉത്തരവ് നമ്പർ : 1407/2018 തീയതി : 01. 06.2018.

2. ചീഫ് സേഫ്റ്റി കമ്മീഷണർ നടത്തിയ ജില്ല/സർക്കിൾ / ഡിവിഷൻ / സബ് ഡിവിഷൻ തല ശിൽപ്പശാല

3. ഇലക്ട്രിക് ലൈൻ സ്വിച്ച് ഓഫ് ചെയ്ത് എർത്ത് ചെയ്ത് മാത്രമേ ജോലി ചെയ്യാവൂ എന്ന CEA സേഫ്റ്റി റെഗുലേഷൻ 2010 റെഗുലേഷൻ 19 (3)

4. ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് രീതിയും "Equi Potential Bonding" എർത്തിംഗ് രീതിയും പരീക്ഷിച്ച് ഉള്ളൂർ & കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും നൽകിയ റിപ്പോർട്ട്.

5. പെരിങ്ങോട് ഇലക്ട്രിക്കൽ സെക്ഷനിൽ 08.06.2018-ന 11 കെ വി ലൈനിൽ ജോലി ചെയ്തപ്പോഴുണ്ടായ വൈദ്യുത അപകട റിപ്പോർട്ട്.

6. ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് ചെയ്ത ശേഷമുണ്ടായ അപകടങ്ങൾ.

7. സേഫ്റ്റി കിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം കാണിച്ച് ചീഫ് സേഫ്റ്റി കമ്മീഷണർ നൽകിയ കത്ത് തീയതി: 21.06.2018.

മേൽ സൂചന-2 അനുസരിച്ച് ചീഫ് സേഫ്റ്റി കമ്മീഷണർ 12/2017 മുതൽ 2/2018 വരെ ജീവനക്കാർക്കും ഓഫീസർമാർക്കുമായി നടത്തിയ ജില്ല/സർക്കിൾ /ഡിവിഷൻ / സബ് ഡിവിഷൻ തല ശിൽപ്പശാലയിൽ അശാസ്ത്രീയമായ് ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് ചെയ്ത ശേഷമുണ്ടായ അപകടങ്ങൾ വിശദീകരിക്കുകയും പകരം സംവിധാനമായി "Equipotential Bonding" എർത്തിംഗ് രീതി അവലംബിച്ചുകൊണ്ട് വർക്ക് സൈറ്റ് എർത്തിംഗ് ചെയ്യാനുമുള്ള പ്രായോഗിക പരിശീലനം നൽകുകയും ചെയ്തിരുന്നു. തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ, കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനുകളിൽ

"Equipotential Bonding" എർത്തിംഗ് രീതി ഫലപ്രദമാണെന്ന് പ്രായോഗികമായി തെളിയിച്ചിരുക്കുന്നു. പാലക്കാട് ജില്ലയിലെ പെരിങ്ങോട് ഇലക്ട്രിക്കൽ സെക്ഷനിൽ "Equipotential Bonding" എർത്തിംഗ് രീതി അവലംബിച്ചതുകൊണ്ട് രണ്ട് ലൈൻമാൻമാർ 11kV സപ്ലൈ ലൈനിൽ വന്നിട്ടും അപകടം കൂടാതെ രക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്

മേൽ സൂചന 1 അനുസരിച്ച് ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് രീതി 01.09.2018 മുതൽ പൂർണ്ണമായും ഒഴിവാക്കി "Equipotential Bonding" എർത്തിംഗ് രീതി നടപ്പാക്കാണമെന്നും എല്ലാ ലൈൻമാൻമാർക്കും 14 സുരക്ഷ ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റ് നൽകാനും ബോർഡ് ഉത്തരവ് 01.06.2018 ന് ആയിട്ടുമുണ്ട്. ആയതിനാവശ്യമായ ഷോർട്ടിംഗ് ക്ലിപ്പുകളും മറ്റ് സാധനങ്ങളും വാങ്ങുന്നതിനായി 3 മാസം സമയം നൽകുകയും ചെയ്തിരിന്നു.

മേൽ സൂചന 7 അനുസരിച്ച് സേഫ്റ്റി കിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം കാണിച്ച് ചീഫ് സേഫ്റ്റി കമ്മീഷണർ നൽകിയ കത്തിൽ ജൂലൈ മാസത്തോടു കൂടി എല്ലാ ലൈൻമാൻമാർക്കുംഅഞ്ച് കമ്പികൾ ഷോർട്ട് ചെയ്യാനാവുന്ന രണ്ട് ഷോർട്ടിംഗ് ക്ലിപ്പും ഒരു എൽ റ്റി എർത്ത് റോഡും അടക്കം 14 ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗിലാക്കി നൽകാനും നിർദ്ദേശിച്ചിരുന്നു.

മേൽ സൂചന-3 അനുസരിച്ച് ഇലക്ട്രിക് ലൈൻ സ്വിച്ച് ഓഫ് ചെയ്ത് എർത്ത് ചെയ്ത് മാത്രമേ ജോലി ചെയ്യാവൂ എന്ന CEA സേഫ്റ്റി റെഗുലേഷൻ 2010 റെഗുലേഷൻ 19 (3) നിഷ്കർഷിക്കുന്നുണ്ട്.

അതായത് കഴിഞ്ഞ എട്ട് മാസമായി അശാസ്ത്രീയമായ ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് ചർച്ച ചെയ്യുകയും പകരം സംവിധാനമായി "Equipotential Bonding" എർത്തിംഗ് രീതി പ്രകാരംവർക്ക് സൈറ്റ് എർത്തിംഗ് ചെയ്യുന്നതിനായുള്ള ബോധവത്ക്കരണവും പരിശീലനവും നൽകുകയും ചെയ്തു. തുടർന്ന് 01.09.2018 മുതൽ ചങ്ങല എർത്തിംഗ് പൂർണ്ണമായി ഒഴിവാക്കാനും പകരം സംവിധാനമായി "Equipotential Bonding" എർത്തിംഗ് രീതി പ്രകാരംവർക്ക് സൈറ്റ് എർത്തിംഗ് ചെയ്യുന്നതിനായുള്ള സാധങ്ങൾ വാങ്ങാനും ഉത്തരവ് ആകുകയും ചെയ്തു. വർക്ക് സൈറ്റിൽ "Equipotential Bonding" എർത്തിംഗ് ചെയ്യുന്നതിനായുള്ള ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റ് വിതരണം ചെയ്യാൻ 01. 06.2018 തീയതിയിൽ ഉത്തരവായിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ അറിയിക്കുന്നത് ,

- 01.09.2018- മുതൽ കെ എസ് ഇ ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് രീതി ബോർഡ് / കരാർ ജീവനക്കാർ ചെയ്യാൻ പാടില്ല.
- പകരം സംവിധാനമായി "Equipotential Bonding" എർത്തിംഗ് രീതി അവലംബിച്ചുകൊണ്ട് വർക്ക് സൈറ്റ് എർത്തിംഗ് ചെയ്ത് മാത്രമേ ഇലക്ട്രിക്കൽ ലൈനിൽ ജോലി ചെയ്യുവാൻ പാടുള്ളു.
- എല്ലാ ലൈൻമാൻമാർക്കും 14 സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ഷോൾഡർ ബാഗിലാക്കി നൽകിയിരിക്കണം

ഇതിനു വിരുദ്ധമായി ബോർഡ് / കരാർ ജീവനക്കാർ ചങ്ങല ഉപയോഗിച്ച് ലൈൻ എർത്ത് ചെയ്തോ "Equipotential Bonding എർത്തിംഗ് രീതി അവലംബിച്ചുകൊണ്ട് വർക്ക് സൈറ്റ് എർത്തിംഗ്

"ഭരണഭാഷ - മാതൃഭാഷ"

ചെയ്യാതെയോ ലൈനിൽ പണി എടുക്കുന്നതും ആ നിലയിൽ ചെയ്യുവാൻ നിർദ്ദേശം നൽകുന്നതും മേൽ ഉദ്ധരിച്ച ബോർഡ് ഉത്തരവുകളുടെ ലംഘനമായി കാണുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് സേഫ്റ്റി കമ്മിഷണർ
കെ.എസ്.ഇ.ബി. ലിമിറ്റഡ്.

പകർപ്പ് : എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, ഇലക്ട്രിക്കൽ സർക്കിൾ
ടി. എ ടു ഡയറക്ടർ (സേഫ്റ്റി), കെ.എസ്സ്.ഇ.ബി. ലിമിറ്റഡ്.